**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 225** **08-08-2023 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജുകളിൽ നിന്ന് ഡിസ്ചാർജ് ചെയ്യപ്പെടുന്ന രോഗികളുടെ പ്രയാസങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മെഡിക്കൽ കോളേജുകളിൽ നിന്നും ഡിസ്ചാർജ് ചെയ്യപ്പെടുന്ന രോഗികൾക്ക് സി.ടി. സ്കാൻ പോലുള്ള റിപ്പോർട്ടുകൾ യഥാസമയം ലഭിക്കാത്തതിനാൽ ഇൻഷ്വറൻസ് ക്ലിയറൻസ് ആകാതെ ദിവസങ്ങളോളം ആശുപത്രിയിൽ തുടരേണ്ട ദുരവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (എ) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്യപ്പെടുന്ന രോഗികൾക്ക് സി.ടി. സ്കാൻ പോലുള്ള റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കുന്നുണ്ട്. അടിയന്തിര സ്വഭാവമുള്ള സി.ടി. സ്കാൻ റിപ്പോർട്ടുകൾ ഉടനടിയും **Elective** സ്വഭാവമുള്ള സി.ടി. സ്കാൻ റിപ്പോർട്ടുകൾ അടുത്ത ദിവസം തന്നെ നൽകുന്നു. ഇൻഷ്വറൻസ് ക്ലിയറൻസ് ആകാതെ ദിവസങ്ങളോളം ആശുപത്രിയിൽ തുടരേണ്ട അവസ്ഥ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടില്ല. |

സെക്ഷൻ ഓഫീസർ